**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **03-02-2026 - ൽ മറുപടിയ്ക്ക്**

**റവന്യൂ - സർവ്വേ വകുപ്പുകളിൽ ജീവനക്കാരുടെ കാര്യക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ റവന്യൂ - സർവ്വേ വകുപ്പുകളിൽ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ; | (എ) | റവന്യൂ വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ചെയിൻ സർവ്വേ, ഹയർ സർവ്വേ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ IMG, ILDM എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകി വരുന്നുണ്ട്.<br><br>സർവെയും ഭൂരേഖയും വകുപ്പിൽ, ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ ആഴ്ചയിലും ഡിജിറ്റൽ സർവെ, വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് അവലോകന യോഗങ്ങൾ നടത്തിവരുന്നതും കാര്യക്ഷമത കുറഞ്ഞ ജീവനക്കാരെ കണ്ടെത്തി വകുപ്പ് തലത്തിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സർവെ വകുപ്പുമായി ബന്ധപ്പെട്ട ജോലികൾ സംബന്ധിച്ച്, പുതിയതായി സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്കുൾപ്പെടെ, സർവെ വകുപ്പിന് കീഴിലുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തരവും (Survey Training Institute, Kerala), സർവീസ് ചട്ടങ്ങളുമായി ബന്ധപ്പെട്ട് IMG, ILDM എന്നിവ മുഖേനയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു . |
| (ബി) | സൂപ്പർവൈസർ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാരിൽ നിന്നും കീഴ് ജീവനക്കാരുടെ മനോവീര്യം തകർക്കുന്ന രീതിയിലുള്ള പെരുമാറ്റം സംബന്ധിച്ച പരാതികളിന്മേൽ വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | റവന്യൂ വകുപ്പിൽ, കോഴിക്കോട് കളക്ടറേറ്റിലെ ഫിനാൻസ് സെക്ഷൻ സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിലുള്ള ജീവനക്കാരൻ ടി കാര്യാലയത്തിലെ വനിതാ ജീവനക്കാരിയോട് അപമര്യാദയായി പെരുമാറിയതായി കളക്ടറേറ്റ് ഇന്റേണൽ കമ്മിറ്റി പ്രാഥമിക അന്വേഷണം നടത്തികണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെൻഡ് ചെയ്തിട്ടുള്ളതും ജില്ലാ കളക്ടർ മുഖാന്തരം കുറ്റപത്രം നൽകി അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | തൃക്കാക്കര റീസർവെ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീ.ജയകുമാറിനെതിരെ സർവെയും ഭൂരേഖയും വകുപ്പ് ഡയറക്ടർ മുമ്പാകെ ലഭിച്ച പരാതിയിന്മേൽ ആരോപണവിധേയന് താക്കീതു നൽകിയിട്ടുള്ളതും എറണാകുളം ജില്ലയിൽനിന്നും സ്ഥലംമാറ്റിയിട്ടുള്ളതുമാണ്. കൂടാതെ ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശുപാർശ ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരം സർവെയും ഭൂരേഖയും ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ.ജിജി.പി-ക്ക് എതിരെ ജീവനക്കാരിയിൽ നിന്നും ലഭ്യമായ പരാതിയിന്മേൽ വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് ആഭ്യന്തര പരാതി പരിഹാര സമിതിക്ക് എത്ര പരാതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരാതികളിന്മേൽ ഇതുവരെ സ്വീകരിച്ച അച്ചടക്ക നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | റവന്യൂ വകുപ്പിൽ, കോഴിക്കോട് കളക്ടറേറ്റിലെ സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിലെ ജീവനക്കാരനെതിരെയുള്ള പരാതി മാത്രമേ നിലവിൽ ലഭിച്ചിട്ടുള്ളൂ. ടി വിഷയത്തിന്മേൽ ആരോപണവിധേയനായ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യുകയും ജില്ലാ കളക്ടർ മുഖാന്തരം കുറ്റപത്രം നൽകി അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>സർവെയും ഭൂരേഖയും ഡയറക്ടർ മുമ്പാകെ ലഭിച്ച രണ്ടു പരാതികളിൽ, ആരോപണവിധേയനായ തൃക്കാക്കര റീസർവെ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടറെ ആഭ്യന്തരപരാതിപരിഹാര സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽനിന്നും സ്ഥലംമാറ്റിയിട്ടുള്ളതും, തിരുവനന്തപുരം സർവെയും ഭൂരേഖയും ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടിനെതിരെ ലഭിച്ച പരാതിയിന്മേൽ പരാതികക്ഷിയെയും ആരോപണവിധേയനേയും സാക്ഷികളെയും ഇന്റേണൽ കമ്മിറ്റി പ്രിസൈഡിങ് ഓഫീസർ ഹിയർ ചെയ്തിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ